**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 198** **15-10-2024 - ൽ മറുപടിയ്ക്ക്**

**സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സജീവ് ജോസഫ്,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ശ്രീ. ടി. സിദ്ദിഖ്,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (എ) | ഇന്റേണൽ ഓഡിറ്റ്, സ്റ്റാറ്റ്യൂട്ടറി ഓഡിറ്റ്, എ.ജി.ഓഡിറ്റ് എന്നിവയിലൂടെ കമ്പനിയുടെ പ്രവർത്തനം വിലയിരുത്തി വരുന്നു. |
| (ബി) | നിലവിൽ സാമൂഹ്യ സുരക്ഷാ പെൻഷൻ കമ്പനിക്ക് നൽകേണ്ട തുകയിൽ സർക്കാർ കുടിശിക വരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | നടപ്പ് സാമ്പത്തിക വർഷം കമ്പനിയുടെ ബജറ്റ് വിഹിതമായ 10,729 കോടി രൂപയിൽ നിന്ന് നാളിതുവരെ 6,500 കോടി രൂപ സർക്കാർ അനുവദിച്ചിട്ടുണ്ട്. |
| (സി) | സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി കമ്പനി എടുക്കുന്ന വായ്പ സർക്കാരിന്റെ ബാധ്യതയായിട്ടാണോ വ്യവസ്ഥ ചെയ്യുന്നത്; വ്യക്തമാക്കുമോ; | (സി) | കമ്പനി എടുക്കുന്ന വായ്പ സർക്കാരിന്റെ ബാധ്യതയായിട്ടല്ല വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ മറ്റ് സർക്കാർ കമ്പനികളുടേതു പോലെ വായ്പ എടുക്കുന്നതിന് സർക്കാർ ഗ്യാരന്റി നൽകി വരുന്നു. |
| (ഡി) | സാമൂഹ്യ സുരക്ഷാ പെൻഷൻ കുടിശിക മുഴുവനായി വിതരണം ചെയ്യുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കുമോ? | (ഡി) | പതിനഞ്ചാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ ബഹു. മുഖ്യമന്ത്രി ചട്ടം 300 പ്രകാരം “പണഞെരുക്കം കാരണമുണ്ടായ സാമൂഹ്യ ക്ഷേമ പെൻഷൻ കുടിശ്ശിക, ഗുണഭോക്താക്കൾക്ക് 2024-25 സാമ്പത്തിക വർഷം രണ്ടു ഗഡുക്കളും, 2025-26 സാമ്പത്തിക വർഷം മൂന്നു ഗഡുക്കളും വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നു” എന്ന് പ്രസ്താവിച്ചിരുന്നു. ഓണത്തോടനുബന്ധിച്ച് 2024 സെപ്റ്റംബർ മാസത്തിൽ 10.09.2024-ലെ സ.ഉ.(സാധാ) നം.6908/2024/ധന., 11.09.2024 –ലെ സ.ഉ.(സാധാ) നം.6922/2024/ധന. എന്നീ ഉത്തരവുകൾ പ്രകാരം സെപ്റ്റംബർ മാസത്തിൽ ഒരു മാസത്തെ സാമൂഹ്യ സുരക്ഷാ പെൻഷൻ / ക്ഷേമനിധി ബോർഡ് പെൻഷൻ അനുവദിച്ചതിനോടൊപ്പം ഒരു ഗഡു കുടിശ്ശികയും അനുവദിച്ച് വിതരണം നടത്തിയിട്ടുള്ളതാണ്. 2024-25 സാമ്പത്തിക വർഷത്തിൽ ഒരു മാസത്തെ കുടിശ്ശിക കൂടിയാണ് ഇനി അനുവദിക്കുവാനുള്ളത്. |

| | | | |
|---|---|---|---|
| | | | ആയത് ഈ സാമ്പത്തിക വർഷത്തിൽ തന്നെ അനുവദിക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ വിതരണം ചെയ്യും എന്ന് പ്രസ്താവിച്ച മൂന്നു ഗഡുക്കൾ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ 2025-26 സാമ്പത്തിക വർഷത്തിൽ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ